**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോട്ടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. രണ്ടു വർഷം കൊണ്ട് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല. |
| (ബി) | വിവിധ വകുപ്പുകൾ, കരാറുകാർ എന്നിവർക്ക് എത്ര | (ബി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും |

| | | | |
|---|---|---|---|
| | തുക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ; | | സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. |
| (സി) | ക്ഷേമ പെൻഷനുകൾ ഇപ്പോൾ എത്ര കുടിശ്ശികയുണ്ടെന്നും അവ കൊടുത്ത് തീർക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നും വ്യക്തമാക്കുമോ; | (സി) | 2023 മെയ്, ജൂൺ മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയതിനാൽ രണ്ട് മാസത്തെ (2023 ജൂലൈ, ആഗസ്റ്റ്) കുടിശ്ശികയാണുള്ളത്. പെൻഷനുള്ള ബിൽ പ്രോസസിംഗ് നടത്തിയ ശേഷം മാത്രമേ പെൻഷൻ കൊടുക്കുന്നതിനായി വേണ്ടി വരുന്ന തുകയുടെ കണക്ക് ലഭ്യമാവുകയുള്ളൂ. |
| (ഡി) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ കുടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക കണക്കാക്കിയിട്ടില്ല. |
| (ഇ) | ഓണത്തോടനുബന്ധിച്ച് വിവിധ ആനുകൂല്യങ്ങൾ, ഉത്സവ ബത്ത, അഡ്വാൻസ് എന്നിവക്ക് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത്; | (ഇ) | ഇവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ സർക്കാർ തിട്ടപ്പെടുത്തി വരികയാണ്. |
| (എഫ്) | ബജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടും സംസ്ഥാനത്ത് സാമ്പത്തിക തകർച്ച തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (എഫ്) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. രണ്ടു വർഷം കൊണ്ട് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അതേ |

| | | | |
|---|---|---|---|
| | | | സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ